**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **24-02-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ തടയണ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട്, കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാവുന്നതിന് ഒറവംപുറത്ത് തടയണ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട്, കീഴാറ്റൂർ പഞ്ചായത്തുകൾക്ക് ഉപകാരപ്രദമായ കടലുണ്ടിപ്പുഴയ്ക്ക് കുറുകെയുള്ള ഒറവംപുറത്ത് തടയണ നിർമ്മാണത്തിന് ബഡ്ജറ്റ് 2021-22 ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നു. (ക്രമ നം. 1046). ഈ പ്രവൃത്തിയുടെ ഡി.എസ്.ആർ 2018 പ്രകാരമുള്ള 832 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പുഴങ്കാവ് തടയണയുടെ പ്രവൃത്തി വേഗത്തിൽ പൂർത്തികരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'മഞ്ചേരി മുനിസിപ്പാലിറ്റി യിലെ പുഴംകാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെയുള്ള റെഗുലേറ്ററിന്റെ നിർമ്മാണം'. ഈ പ്രവൃത്തിയുടെ 78 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മഴയും വെള്ളപ്പൊക്കവും മൂലം പ്രവൃത്തിയ്ക്ക് കാലതാമസം നേരിട്ടെങ്കിലും പ്രസ്തുത പ്രവൃത്തി ഏപ്രിൽ അവസാനം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ